പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന എച്ച്.ആർ.എ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5495 18/11/2019-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്തു വരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്ത(എച്ച്.ആർ.എ) അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; വിവാഹിതരല്ലെങ്കിലും മാതാപിതാക്കളെ സംരക്ഷിക്കാൻ ബാധ്യതയുള്ള ഇവർക്ക് മുഴുവൻ എച്ച്.ആർ.എ അനുവദിക്കാൻ ഉത്തരവ് ഉണ്ടാകുമോ; | (എ) | സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്തു വരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്ത (എച്ച്.ആർ.എ) അനുവദിക്കാത്തത് 11.02.1958-ലെ ജി.ഒ.(എം.എസ്) നം. 146/1958-ലെ ഉത്തരവ് പ്രകാരം ഇവർ ക്യാമ്പിനുള്ളിൽ/ബാരക്കുകളിൽ താമസിക്കേണ്ട-വരായതിനാലാണ്. സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്തു വരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് വീട്ടുവാടക ബത്ത (എച്ച്.ആർ.എ) അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | സംസ്ഥാന പോലീസിൽ ക്യാമ്പിൽ ജോലി ചെയ്ത് വരുന്ന വിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് പകുതി എച്ച്.ആർ.എ മാത്രം അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കുടുംബവുമൊത്ത് ജീവിക്കുന്ന ഇവർക്ക് മുഴുവൻ എച്ച്.ആർ.എ അനുവദിക്കാൻ ഉത്തരവ് ഉണ്ടാകുമോ; | (ബി) | വിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് ഫാമിലി ക്വാർട്ടേഴ്സ് അപേക്ഷിക്കുന്ന മുറയ്ക്ക് അനുവദിക്കാൻ കഴിയാത്ത അവസരങ്ങളിൽ ബാരക്കിൽ താമസിക്കുന്നവർക്ക് കേരളാ പോലീസ് ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ റൂൾസ്, ജി.ഒ. (എം.എസ്) നം. 128/1976 തീയതി 28.09.1976 എന്നിവയിലെ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും മറ്റ് സർക്കാർ ഉത്തരവുകൾക്കും വിധേയമായിട്ട് പകുതി എച്ച്.ആർ.എ നൽകി വരുന്നു. കൂടാതെ ടി |

| | | | |
|---|---|---|---|
| | | | സേനാംഗങ്ങൾ ബ്യൂഗിൾ കോൾ പരിധിക്കുള്ളിൽ താമസിച്ച് മാര്യേജ് സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ സമർപ്പിക്കുന്ന പക്ഷം മുഴുവൻ എച്ച്.ആർ.എ.യും നൽകി വരുന്നു. |
| (സി) | സംസ്ഥാന പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ( ലോക്കൽ പോലീസ് സ്റ്റേഷനുകൾ ) വിഭാഗത്തിൽ ജോലി ചെയ്ത് വരുന്ന അവിവാഹിതരായ പോലീസ് ഉദ്യോഗസ്ഥർക്ക് പകുതി എച്ച്.ആർ.എ മാത്രം അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; മാതാപിതാക്കളെ സംരക്ഷിക്കാൻ ബാധ്യതയുള്ള ഇവർക്ക് മുഴുവൻ എച്ച്.ആർ.എ അനുവദിക്കാൻ ഉത്തരവ് ഉണ്ടാകുമോ; | (സി) | ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഫാമിലി ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമല്ലെങ്കിൽ മുഴുവൻ എച്ച്.ആർ.എ.യും നൽകുന്നുണ്ട്. |
| (ഡി) | സംസ്ഥാന പോലീസിലെ എല്ലാ ഉദ്യോഗസ്ഥരും വിവാഹിതരാണോ അല്ലയോ എന്ന് പരിഗണിക്കാതെ നിലവിലെ ശമ്പള ഉത്തരവിൽ പറയുന്ന പ്രകാരം മുഴുവൻ എച്ച്.ആർ.എ അനുവദിക്കുവാൻ ഉത്തരവുണ്ടാകുമോ? | (ഡി) | സംസ്ഥാന പോലീസിലെ എല്ലാ ഉദ്യോഗസ്ഥരും വിവാഹിതരാണോ അല്ലയോ എന്ന് പരിഗണിക്കാതെ നിലവിലെ ശമ്പള ഉത്തരവിൽ പറയുന്ന പ്രകാരം മുഴുവൻ എച്ച്.ആർ.എ അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ